(ബി) വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കല്ലുവളപ്പ് പാത്തിക്കൽ റോഡ് ഗതാഗതയോഗ്യമാക്കാൻ 2003-04 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റോഡിന്റെ പണി ഏതു ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന റോഡുകൾ വനം വകുപ്പ് ഫണ്ട് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. ചെറുവാഞ്ചേരി-മുണ്ടയോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (കണ്ണവം റെയിഞ്ച്)
2. കണ്ണവം കോളനി-പറമ്പുക്കാവ് കോളനി റോഡ് (ഖാദി സെന്റർ) അഭിവൃദ്ധിപ്പെടുത്തൽ (കണ്ണവം റെയിഞ്ച്)
3. പൊട്ടൻപ്ലാവ്-പുറംതൊട്ടി ഡാംസൈറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ റീച്ച്-1 (തളിപ്പറമ്പ് റെയിഞ്ച്)
4. പൊട്ടൻപ്ലാവ്-പുറംതൊട്ടി ഡാംസൈറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ റീച്ച്-2 (തളിപ്പറമ്പ് റെയിഞ്ച്)
5. വളവ്-നാഗത്തട്ട് മൂന്നാംകുപ്പ് റോഡ് റീച്ച്-1, റീച്ച്-2

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി 2003-2004 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി 2005-2006 വർഷത്തിൽ ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

വനം വകുപ്പിന്റെ അധികാരപരിധിയിൽ ഉള്ള വഴിയോര കെട്ടിടങ്ങൾ

90 [578] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധികാരപരിധിയിൽ വഴിയോര കെട്ടിടങ്ങൾ നിലവിലുണ്ടോ; എങ്കിൽ എത്രയെണ്ണം എന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ വഴിയോര കെട്ടിടങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വിശദമാക്കാമോ;

(സി) ഇതിൽ നശിച്ച് ഉപയോഗപ്രദമല്ലാതായവ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കണക്കാക്കി വരുന്നു.

(ഡി) പ്രസ്തുത കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും ഇപ്പോൾ നിലവിലില്ല.

വന്യമൃഗ സെൻസസ്

91 [583] ശ്രീ. ഇ. എം. അഗസ്തി:
„ ടി. എൻ. പ്രതാപൻ:
„ ലൂഡി ലൂയിസ്:
„ കെ. മുഹമ്മദാലി:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ വന്യമൃഗ സെൻസസ് നടത്തിയതെന്നാണ് എന്ന് അറിയിക്കുമോ;

(ബി) അതനുസരിച്ച് സംസ്ഥാനത്തെ വനങ്ങളിൽ ഓരോയിനത്തിലുംപ്പെട്ട എത്ര മൃഗങ്ങൾ വീതമുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് മുൻ സെൻസസിനെ അപേക്ഷിച്ച് കുറവാണോ കൂടുതലാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2002 മെയ് മാസത്തിൽ.

(ബി) 2002 മെയ് മാസത്തിൽ സംസ്ഥാനത്ത് നടത്തിയ സെൻസസ് അനുസരിച്ച് ഓരോ ഇനത്തിലുമുള്ള മൃഗങ്ങളുടെ എണ്ണം താഴെ വിവരിക്കുന്നു:

1.	ആന	. . 6939
2.	കാട്ടുപോത്ത്	. . 14787
3.	മലയണ്ണാൻ	. . 88919
4.	കരിങ്കുരങ്ങ്	. . 51517
5.	മ്ലാവ്	. . 30414
6.	പുള്ളിമാൻ	. . 38391
7.	കാട്ടുപന്നി	. . 60940
8.	കടുവ	. . 71±7
9.	വരയാട്	. . 600
10.	സിംഹവാലൻ കുരങ്ങ്	. . 1320

LIBRARY ARCHIVES Kerala Legislative Assembly